msarazak@hotmail.com



# ഖുർആൻ പഠനത്തിന്റെ പ്രാധാന്യം

عَنْ أبي أُمامَةَ البَاهِلِيِّ رَضِيَ اللَّهُ عَنْهُ قَالَ: سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ: اقْرَؤوا الْقُرْآنَ فَإِنَّهُ يَأْتِي يَوْمَ الْقِيامَةِ شَفِيعًا لِأَصْحَابِهِ (مسلم)

**അബൂ ഉമാമഃ അൽ ബാഹിലി(റ)യിൽ നിന്ന്: നബി(സ) പറയുന്നത് ഞാൻ കേട്ടു: "നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക. തീർച്ചയായും ഖുർആൻ അന്ത്യദിനത്തിൽ അതിന്റെ വക്താക്കൾക്ക് ശിപാർശകനായി എത്തുന്നതാണ്" (മുസ്‌ലിം).**

മാനവ സമൂഹത്തിന്റെ മാർഗദർശക ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. 'വായിക്കുക; സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ' എന്ന ആഹ്വാനവുമായി അവതരിച്ച ഖുർആൻ പാരായണം ചെയ്യൽ ഏറെ പുണ്യകരമായ ഇബാദത്താകുന്നു. "ഖുർആന്റെ വക്താവിനോട് പരലോകത്ത് പറയപ്പെടും: "താങ്കൾ ഖുർആൻ ഓതുക. എന്നിട്ട് സ്വർഗീയ ഉന്നതിയിലേക്ക് കയറുക. ദുൻയാവിൽ പാരായണം ചെയ്തിരുന്ന പോലെ പാരായണം ചെയ്യുക. താങ്കൾ ഓതുന്ന അവസാനത്തെ ആയത്തിന്റെ അടുത്തായിരിക്കും താങ്കളുടെ സ്വർഗീയ സ്ഥാനം" (തിർമിദി). ഖുർആൻ കൂടുതൽ പാരായണം ചെയ്യുന്നതിന്റെ വർധിച്ച പ്രതിഫലത്തെക്കുറിച്ചാണീ ഹദീസ് പറയുന്നത്. ഖുർആൻ പാരായണത്തിന്റെ പുണ്യം വിശദീകരിച്ചുകൊണ്ട് നബി(സ) പറയുന്നു: "അല്ലാഹുവിന്റെ കിതാബിൽ നിന്ന് ഒരക്ഷരം ഓതുന്നവന് ഒരു നന്മ പ്രതിഫലമുണ്ട്. ഏതൊരു നന്മക്കും പത്തിരട്ടിയാണ് പ്രതിഫലം. അലിഫ് ലാം മീം എന്നത് ഒരക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, അലിഫ് ഒരക്ഷരവും ലാം മറ്റൊരു അക്ഷരവും മീം വേറൊരു അക്ഷരവുമാണ്'' (തിർമിദി). ''ഖുർആൻ പാരായണ വൈദഗ്ധ്യം നേടിക്കൊണ്ട് അത് പാരായണം ചെയ്യുന്നവർ പുണ്യാത്മക്കളും സർവാദരണീയരുമായ മലക്കുകളൊന്നിച്ചാണ്. വളരെ പ്രയാസപ്പെട്ട് തപ്പിത്തടഞ്ഞ് പാരായണം ചെയ്യുന്നവനോ ഇരട്ടി പ്രതിഫലമുണ്ട്" (ബുഖാരി, മുസ്‌ലിം).

നബി(സ) അരുളി: "അന്ത്യദിനത്തിൽ ഖുർആന്റെ വക്താവ് വരും. അപ്പോൾ ഖുർആൻ പറയും: രക്ഷിതാവേ, അയാളെ ഉടയാട അണിയിപ്പിക്കൂ. അപ്പോൾ ആദരവിന്റെയും പ്രതാപത്തിന്റെയും കിരീടം അവനെ അണിയിപ്പിക്കും. പിന്നീട് ഖുർആൻ പറയും: രക്ഷിതാവേ, അയാൾക്ക് വർധിപ്പിച്ചുകൊടുക്കൂ. അപ്പോൾ ആദരവിന്റെയും പ്രതാപത്തിന്റെയും ഉടയാട അവനെ അണിയിപ്പിക്കും. പിന്നെ ഖുർആൻ പറയും: രക്ഷിതാവേ ഇദ്ദേഹത്തെ നീ തൃപ്തിപ്പെടുക. അപ്പോൾ അവൻ അദ്ദേഹത്തെ തൃപ്തിപ്പെടും. അങ്ങനെ അദ്ദേഹത്തോട് 'താങ്കൾ ഓതുക, എന്നിട്ട് താങ്കൾ സ്വർഗീയ ഉന്നതിയിലേക്ക് കയറുക' എന്ന് പറയപ്പെടും. ഓരോ ആയത്തിനും നന്മ വർധിപ്പിക്കുകയും ചെയ്യും" (തിർമിദി).

ഖുർആൻ പാരായണത്തിന്റെ രീതിശാസ്ത്രം ഇബ്നുൽ ഖയ്യിം വിശദീകരിക്കുന്നതിങ്ങനെ: "ചിന്തിച്ചുകൊണ്ടും ആലോചിച്ചുകൊണ്ടും ഖുർആൻ പാരായണം ചെയ്യുന്നതിനേക്കാൾ ഹൃദയത്തിന് ഏറെ പ്രയോജനകരമായ ഒന്നും തന്നെയില്ല. അതാകുന്നു ആത്മീയ സഞ്ചാരികളുടെ പാത. സ്നേഹം, പ്രേമം, ഭയം, ആഗ്രഹം, സ്വയം സമർപ്പണ വികാരം, ഖേദം, പശ്ചാത്താപം, സംതൃപ്തി, നന്ദി പ്രകടന മനോഭാവം, ക്ഷമ തുടങ്ങി ഹൃദയത്തിന് സജീവതയും വികാസവും നൽകുന്ന എല്ലാ അവസ്ഥാന്തരങ്ങളും ഖുർആൻ പാരായണം കൊണ്ടുവരുന്നു. ഹൃദയത്തെ മലീമസമാക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ആക്ഷേപാർഹമായ സ്വഭാവങ്ങളിൽ നിന്നും പ്രവൃത്തികളിൽ നിന്നും അത് അവനെ അകറ്റുന്നു. ചിന്തിച്ചുകൊണ്ട് ഖുർആൻ പാരായണം ചെയ്യുന്നതിന്റെ മഹത്വം ജനം അറിഞ്ഞിരുന്നുവെങ്കിൽ മറ്റെല്ലാം ഒഴിവാക്കി അതിൽ മാത്രം മുഴുകുമായിരുന്നു. ചിന്തിച്ചും ആലോചിച്ചും ഖുർആനിലെ ഒരു സൂക്തം പാരായണം ചെയ്യുന്നതാണ് ചിന്തിക്കാതെ ഒരാവൃത്തി ഖുർആൻ മുഴുവൻ പാരായണം ചെയ്യുന്നതിനേക്കാൾ ഉത്തമം. വിശ്വാസമാർജിക്കാനും ഖുർആന്റെ മാധുര്യം ആസ്വദിക്കാനും ഏറെ ആവശ്യവും ഈ രീതി തന്നെയാണ്" (*മിഫ്താഹു ദാരിസ്സആദഃ*).

ഖുർആൻ പാരായണത്തിന്റെ പ്രതിഫലനം ജീവിതത്തിലൂടെ സാക്ഷാത്കരിക്കപ്പെടണം. ഇബ്നു തൈമിയ്യ(റ) പറയുന്നു: "ഖുർആന്റെ അർഥം അറിഞ്ഞും ആശയം ഉൾക്കൊണ്ടും അതിലെ നിർദേശങ്ങൾ കർമപഥത്തിൽ കൊണ്ടുവരിക. പാരായണം ഖുർആൻ പഠിതാവിന്റെ ലക്ഷ്യം അല്ലാത്ത പക്ഷം അവൻ ദീനിന്റെ വക്താവും വിജ്ഞാനത്തിന്റെ ഉടമയുമാകില്ല" (*ഫതാവ കുബ്റ* 1/213). ഖുർആൻ പഠിതാവ് ചില സ്വഭാവ ഗുണങ്ങൾ ആർജിക്കേണ്ടതാണ്. ദൈവഭക്തിയുള്ള വരാവുക, ഖുർആൻ വിജ്ഞാനം കരസ്ഥമാക്കി അവ പ്രാവർത്തികമാക്കുക എന്നത് ലക്ഷ്യമായി അംഗീകരിക്കുക, ഖുർആൻ വിവരിക്കുന്ന സ്വഭാവ ഗുണങ്ങൾ ജീവിതത്തിൽ പകർത്തുക, വഴികാട്ടിയായി ഖുർആനെ സ്വീകരിക്കുക, അതു കാണിച്ചുതരുന്ന നന്മയുടെ പാതയിലൂടെ സഞ്ചരിക്കുക, നിരോധിച്ച കാര്യങ്ങളിൽ നിന്ന് അകലം പാലിക്കുക തുടങ്ങിയവ ഇതിൽ പ്രധാനമാണ്. ഹുദൈൽ(റ) പറയുന്നു: "തീർച്ചയായും ഖുർആൻ അവതരിച്ചിട്ടുള്ളത് അതനുസരിച്ച് കർമം ചെയ്യാനാണ്. എന്നാൽ, ജനം ഖുർആൻ പാരായണം ഒരു തൊഴിലായി സ്വീകരിച്ചിരിക്കുന്നു." ഖുർആൻ പരലോകത്ത് വിശ്വാസിക്ക് അനുകൂലമായോ പ്രതികൂലമായോ സാക്ഷി പറയുന്നതാണെന്ന് പ്രവാചകൻ മുന്നറിയിപ്പ് നൽകുകയുണ്ടായി. ഖുർആൻ വായിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർക്കത് അനുകൂല സാക്ഷിയാവും. ഖുർആനികാധ്യാപനങ്ങളിൽ നിന്നകന്ന് ജീവിക്കുന്നവർക്കോ എതിർ സാക്ഷിയാവും ഖുർആൻ. ■